"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - വാർഷിക പദ്ധതി - സപ്പോർട്ട് ടു ഫാം മെക്കനൈസേഷൻ - കാർഷിക കർമ്മസേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ സെന്ററുകൾ എന്നിവയിലെ അംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(കൈ) നം.42/2023/AGRI — തീയതി, തിരുവനന്തപുരം, 08-05-2023

---

പരാമർശം:- 1. 13.06.2022-ലെ സ.ഉ (സാധാ)നം.514/2022/കൃഷി.

2. കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് ഡയറക്ടറുടെ 20.01.2023-ലെ ഇൻഷ്വ/ഡെവ-വിംഗ്/ഡിവ്3/റ്റി002009490 നമ്പർ കത്ത്.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 06.02.2023-ലെ ADFW/4045/2022-TV1 നമ്പർ കത്ത്.

4. 01.03.2023-ലെ സ.ഉ (സാധാ)നം.198/2023/കൃഷി.

5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 09.03.2023-ലെ ADFW/4045/2022-TV1 നമ്പർ കത്ത്.

**ഉത്തരവ്**

2022-23-ലെ വാർഷിക പദ്ധതിയായ "സപ്പോർട്ട് ടു ഫാം മെക്കനൈസേഷൻ" പദ്ധതിയ്ക്കായി പരാമർശം (1) പ്രകാരം 1181 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഉപഘടകമായി കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ സെന്ററുകൾ എന്നിവയിലെ രജിസ്റ്റർ ചെയ്യപ്പെട്ട അംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൻ പ്രകാരം ഒരംഗത്തിന് 500/- രൂപ നിരക്കിൽ 4000 പേർക്ക് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്നു.

2. കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ സെന്ററുകൾ എന്നിവയിലെ അംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി 'കാർഷികോദയം' എന്ന പേരിൽ പേഴ്ണൽ ആക്സിഡന്റ് പോളിസിയായി ചുവടെ ചേർക്കുന്ന വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന ഇൻഷുറൻസ് വകുപ്പും, കാർഷിക വികസന കർഷക ക്ഷേമ വകുപ്പും ധാരണയിലെത്തിയിട്ടുണ്ട്:-

1. സാധാരണ മരണത്തിനും അപകടമരണത്തിനും കാർഷികോദയം ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.

| | |
|---|---|
| അപകട മരണം | 4,00,000/- രൂപ<br>(നാല് ലക്ഷം രൂപ മാത്രം) |
| സ്വാഭാവിക മരണം | 50,000/- രൂപ<br>(അമ്പതിനായിരം രൂപ മാത്രം) |
| ശവസംസ്കാര ചടങ്ങിനുള്ള ചെലവ് | 10,000/-രൂപ |
| സ്വാഭാവിക മരണം അല്ലെങ്കിൽ അപകട മരണം ഇവയിൽ ഏതെങ്കിലും ഒന്നിനു മാത്രമേ പരിരക്ഷ ലഭിക്കുകയുള്ളൂ. | |

2. അപകടം മൂലമുണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യങ്ങൾക്ക് പോളിസി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ചുവടെ ചേർക്കും പ്രകാരം പരിരക്ഷ നൽകുന്നതാണ്:-

| | |
|---|---|
| ഒരു കണ്ണ് അല്ലെങ്കിൽ ഒരു കാല്/കൈ നഷ്ടപ്പെട്ടാൽ | 2,00,000/- രൂപ<br>(രണ്ട് ലക്ഷം രൂപ മാത്രം) |
| ഒരു കണ്ണും ഒരു കാല്/കൈ നഷ്ടപ്പെട്ടാൽ | 2,00,000/- രൂപ<br>(രണ്ട് ലക്ഷം രൂപ മാത്രം) |
| കൈകാലുകൾ നഷ്ടപ്പെട്ടാൽ | 2,00,000/- രൂപ<br>(രണ്ട് ലക്ഷം രൂപ മാത്രം) |
| രണ്ട് കണ്ണും നഷ്ടപ്പെട്ടാൽ | 2,00,000/- രൂപ<br>(രണ്ട് ലക്ഷം രൂപ മാത്രം) |

3. മെഡിക്കൽ ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ചികിത്സ ചെലവുകൾക്കുള്ള തുക (അപകട മരണ ക്ലെയിമുകളിൽ) പരമാവധി 25,000/- രൂപ.
4. 650/-രൂപ വാർഷിക പ്രീമിയത്തിൽ 150/-രൂപ ഗുണഭോക്തൃ വിഹിതമായിരിക്കും.
5. കാർഷിക കർമ്മസേനയിൽ അംഗമായ 18-നും 60-നും ഇടയിൽ പ്രായമുള്ളവർക്ക് പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്.
6. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നവർ കൃഷി വകുപ്പിൽ നിന്നുള്ള കർമ്മസേന അംഗങ്ങളുടെ അംഗീകൃത പട്ടികയും ഏതെങ്കിലും തിരിച്ചറിയൽ രേഖയും ഹാജരാക്കേണ്ടതാണ്.
7. ക്ലെയിം ലഭിക്കുന്നതിന് നിശ്ചിത പ്രൊഫോർമയിൽ അപേക്ഷിക്കുക. (ഉദാഹരണം-അപകട മരണമാണെങ്കിൽ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് മുതലായവ സഹിതം) അപകടം സംഭവിച്ച ഉടനടി അറിയിക്കേണ്ടതാണ്.
8. യഥാർത്ഥ അവകാശിക്കാണ് ക്ലെയിം ലഭ്യമാകുന്നതെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനാണ്.

3. കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ സെന്ററുകൾ എന്നിവയിലെ രജിസ്റ്റർ ചെയ്യപ്പെട്ട അംഗങ്ങൾക്ക് പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പേഴ്സണൽ ആക്സിഡന്റ്

പോളിസിയുടെ പ്രൊപ്പോസലും, 'കാർഷികോദയം' എന്ന പേരും അംഗീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (5) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, പുതുതായി ആരംഭിക്കുന്ന കൃഷിശ്രീ സെന്ററുകൾ എന്നിവയിലെ രജിസ്റ്റർ ചെയ്യപ്പെട്ട അംഗങ്ങൾക്ക് സംസ്ഥാന ഇൻഷുറൻസ് വകുപ്പുമായി ചേർന്ന് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പേഴ്സണൽ ആക്സിഡന്റ് പോളിസി **"കരുതൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി"** എന്ന പേരിൽ 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഇൻഷുറൻസ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, കാർഷിക കർമ്മസേന & അഗ്രോ സർവീസ് സെന്ററുകൾ,
കാർഷിക സർവകലാശാല കാമ്പസ്, മണ്ണുത്തി, തൃശ്ശൂർ.
ധനകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.അഗ്രി-ഐ.എഫ്.എ1/72/2023-അഗ്രി)
പകർപ്പ്:- ബഹു : കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി I,II,III യുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Manesh C M
Date: 08-05-2023 17:32:17
സെക്ഷൻ ഓഫീസർ